# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. **595**

**29.10.2019** ൽ മറുപടിക്ക്

## പാറ ഖനനത്തിന്റെ നിരോധനം

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ഡോ.എം. കെ. മുനീർ<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യാപകമായുണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് പാറ ഖനനത്തിന് നിരോധനം ഏർപ്പെടുത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ;<br><br>(ബി) പ്രസ്തുത നിരോധനം പിൻവലിക്കുന്നതിന് മുമ്പ് എന്തെങ്കിലും ശാസ്ത്രീയപഠനം നടത്തിയിരുന്നോ എന്ന് അറിയിക്കുമോ;<br><br>(സി) ക്വാറികളും ഖനനങ്ങളും വ്യാപകമായ ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും കാരണമാകുന്നതിനാൽ ഖനന നിരോധനം പിൻവലിച്ച നടപടി പുനഃപരിശോധനക്ക് വിധേയമാക്കുമോ എന്ന് വ്യക്തമാക്കാമോ? | (എ), (ബി) & (സി) 09.08.2019 മുതൽ 21.08.2019 വരെ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഖനനത്തിന് നിരോധനം ഏർപ്പെടുത്തിയിരുന്നു. 2016 ലെ കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാനിലെ ഖണ്ഡിക 3.21.1 പ്രകാരം മൺസൂൺ സമയത്ത് രണ്ട് ദിവസം നിർത്താതെ തുടർച്ചയായി മഴ പെയ്യുന്ന സാഹചര്യമുണ്ടെങ്കിൽ ഖനികളിലെ ബ്ലാസ്റ്റിംഗ് നിർത്തിവയ്ക്കേണ്ടതാണ് എന്നും ഒരു ദിവസമെങ്കിലും മഴ ഒട്ടും പെയ്യാതിരിക്കുന്ന സാഹചര്യത്തിൽ ഖനികളിൽ പ്രവർത്തനം ആരംഭിക്കാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. നിരോധനം പിൻവലിച്ചപ്പോഴും അതാതു ജില്ലാ കളക്ടർമാരുടെ നിരോധന ഉത്തരവ് നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പാലിക്കേണ്ടതുണ്ട് എന്ന വ്യവസ്ഥയിലാണ് നിരോധന ഉത്തരവ് പിൻവലിച്ചത്. |

**സെക്ഷൻ ഓഫീസർ**